2024
APRIL
16
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




### അവധിക്കാല ക്ലാസുകൾ വിലക്കിയ ഉത്തരവ്

## കർശനമായി നടപ്പിലാക്കണം

**തിരുവനന്തപുരം:** മധ്യവേനലവധിക്കാലത്ത് ക്ലാസുകൾ നടത്തുന്നത് വിലക്കിക്കൊണ്ടുള്ള നിലവിലെ ഉത്തരവ് വിദ്യാലയങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ നിർദ്ദേശിച്ച് ബാലാവകാശ കമ്മിഷൻ ഉത്തരവായി. സംസ്ഥാനത്ത് കെ.ഇ.ആർ ബാധകമായ സ്കൂളുകളിൽ ക്ലാസുകൾ നടത്തുന്നതിനുള്ള വിലക്ക് കർശനമായി നടപ്പാക്കാൻ കമ്മീഷൻ അംഗം ഡോ.എഫ്.വിൽസൺ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി എന്നിവർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിലവിലെ ഉത്തരവ് ബാധകാണ്. വേനലവധിക്കാലത്ത് സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിലെ ക്ലാസിന്റെ സമയം രാവിലെ 7.30 മുതൽ 10.30 വരെയായി ക്രമപ്പെടുത്തണമെന്ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച് നിയമലംഘനം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ സി.ബി.എസ്.ഇ തിരുവനന്തപുരം റീജിയണൽ ഓഫീസർക്കും ഐ.സി.എസ്.ഇ. ചെയർമാനും കമ്മിഷൻ നിർദ്ദേശം നൽകി. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലും, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിലും മധ്യവേനലവധിക്കാലത്ത് വിവിധ ക്ലാസുകൾ നടത്തുന്നതായി കമ്മിഷന് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കാനും കമ്മിഷൻ നിർദ്ദേശം നൽകി.

## ജമ്മു കാശ്മീരിലെ ത്സലം നദിയിൽ ബോട്ട് മറിഞ്ഞ് 4 മരണം

**ശ്രീനഗർ:** ജമ്മു കാശ്മീരിലെ ത്സലം നദിയിൽ ബോട്ട് മറിഞ്ഞുണ്ടായ അപകടത്തിൽ നാലു പേർ കൊല്ലപ്പെട്ടു. ഏഴു പേരെ രക്ഷപ്പെടുത്തി. ബോട്ടിൽ ആകെ 20 പേരാണ് ഉണ്ടായിരുന്നത്. കാണാതായവരിൽ സ്കൂൾ വിദ്യാർഥികളും ഉൾപ്പെട്ടിട്ടുണ്ട്.
സംസ്ഥാന ദുരന്ത നിവാരണ സേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം തുടരുകയാണ്. ഇന്നു രാവിലെയാണ് സംഭവം. കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മേഖലയിൽ പെയ്ത കനത്ത മഴയെ തുടർന്ന് നദിയിലെ ജലനിരപ്പ് ഉയർന്ന നിലയിലാണ്. മണ്ണിടിച്ചിലിനെ തുടർന്ന് ജമ്മുശ്രീ നഗർ ദേശീയപാത അടച്ചു.

### വികസന പദ്ധതികൾ തടസപ്പെടുത്താൻ വിദേശ ശക്തികൾ

## ഇന്ത്യയിലെ സന്നദ്ധ സംഘടകൾക്കും ട്രസ്റ്റുകൾക്കും പണം നൽകുന്നു; ആദായ നികുതി വകുപ്പ്

**ന്യൂഡൽഹി:** രാജ്യത്തിൻറെ പൊതുവികസന പദ്ധതികൾ തടസപ്പെടുത്താൻ വിദേശശക്തികൾ ഇന്ത്യയിലെ സന്നദ്ധ സംഘടകൾക്കും ട്രസ്റ്റുകൾക്കും പണം നൽകുന്നുണ്ടെന്ന് ആദായ നികുതി വകുപ്പിൻറെ കണ്ടെത്തൽ. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സത്യാവാങ്മൂലത്തിലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.

സന്നദ്ധ സംഘടനയായ എൻവിറോണിക്സ് ട്രസ്റ്റ് നൽകിയ ഹർജിയിലാണ് ആദായ നികുതി വകുപ്പ് സത്യവാങ്മൂലം ഫയൽ ചെയ്തത്. ഇന്ത്യയുടെ വികസന പദ്ധതികൾ തടസപ്പെടുത്താൻ വിദേശശക്തികൾ എൻവിറോണിക്സ് ട്രസ്റ്റിന് പണം നൽകിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് ആദായ നികുതി വകുപ്പ് സുപ്രീംകോടതിയെ അറിയിച്ചു. എൻവിറോണിക്സ് ട്രസ്റ്റിന് ലഭിക്കുന്ന പണത്തിൻറെ 90 ശതമാനവും വിദേശത്തുനിന്നാണെന്നും പദ്ധതികൾക്കെതിരെ വാടകയ്ക്ക് പ്രതിഷേധക്കാരെ ചുമതലപ്പെടുത്തിയതായും പണം നൽകിയതായും കണ്ടെത്തിയിട്ടുണ്ടെന്നും




ആദായ നികുതി വകുപ്പ് കോടതിയിൽ വ്യക്തമാക്കി.

ഒഡിഷയിലെ വിവിധ വികസന പദ്ധതികൾക്കെതിരെ നടന്ന സമരങ്ങൾക്ക് എൻവിറോണഇക്സ് ട്രസ്റ്റ് നൽകിയ സഹായത്തിൻറെ കണക്കുകളും കോടതിയിൽ നൽകിയിട്ടുണ്ട്.

സമരങ്ങളിൽ പങ്കെടുത്തതിന് കേസിൽ ഉൾപ്പെട്ടവർക്ക് 1250 രൂപ വീതം ബാങ്ക് അക്കൗണ്ടിലൂടെ കൈമാറി എന്നാണ് പ്രധാന കണ്ടെത്തൽ.

കൽക്കരി വ്യവസായ സ്ഥാപനങ്ങൾക്കെതിരെ പ്രാദേശിക ജനങ്ങളെ സംഘടിപ്പിച്ച് സമരം നടത്തുന്നതിന് ഓക്സ്ഫാം ഇന്ത്യ എന്ന സംഘടനയും എൻവിറോണിക്സ് ട്രസ്റ്റും തമ്മിൽ ധാരണ പത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടെന്നും ആദായ നികുതി വകുപ്പ് സത്യവാങ്മൂലത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## വീട്ടിലെത്തി വോട്ടിങ്ങ് കുറ്റമറ്റ രീതിയിൽ നടത്തണം

**തിരുവനന്തപുരം:** മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമുള്ള പോസ്റ്റൽ ബാലറ്റ് വോട്ടിങ് കുറ്റമറ്റ രീതിയിൽ നടത്താൻ ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ നിർദേശിച്ചു. കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളിലെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി കണ്ണൂർ പുതിയതെരുവ് മാഗ്നറ്റ് ഹോട്ടലിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഒരുവിധ പരാതിക്കും ഇടയില്ലാത്ത വിധം ആവശ്യമായ ഒരുക്കങ്ങൾ നടത്തണം. പോസ്റ്റൽ ബാലറ്റിന് അപേക്ഷിച്ച അർഹതപ്പെട്ട എല്ലാവരെയും വിവരം അറിയിക്കണം. വോട്ട് ചെയ്യിക്കാൻ ടീം വീട്ടിൽ എത്തുന്ന സമയം മുൻകൂട്ടി അവരെ അറിയിക്കണം. പോസ്റ്റൽ ബാലറ്റ് വോട്ടിങ് സംബന്ധിച്ച കണക്കുകളും കൃത്യമാണെന്ന് ഉറപ്പാക്കണം.വോട്ട് ചെയ്യാനെത്തുന്ന വോട്ടർക്കു പോളിങ് ബൂത്തിൽ അവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും ഇക്കാര്യം പരമാവധി ജനങ്ങളിൽ എത്തിക്കുകയും വേണം. പോളിങ് ദിവസം കടുത്ത ചൂട് ആയിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ എല്ലാ ബൂത്തുകളിലും വെയിൽ കൊള്ളാതെ വരി നിൽക്കാൻ കഴിയുന്ന സൗകര്യം ഒരുക്കണം. ആവശ്യമായ കുടിവെള്ളം, ഇരിക്കാനുള്ള കസേരകൾ തുടങ്ങിയവയും ഉറപ്പാക്കണം. ബൂത്തിൽ മുതിർന്ന പൗരമാർക്ക് പ്രത്യേക സൗകര്യം ഒരുക്കണം. പോളിങ് ബൂത്തുകളിലെ റാമ്പുകൾ ഉപയോഗപ്രദമാണെന്ന് ഉറപ്പാക്കണമെന്നും അദ്ദേഹം എആർഒമാർക്കും ഇആർഒമാർക്കും നിർദ്ദേശം നൽകി.സക്ഷം മൊബൈൽ ആപ്പ് വഴി ആവശ്യപ്പെടുന്ന ഭിന്നശേഷിക്കാർക്ക് വാഹനം, വളണ്ടിയർ, വീൽ ചെയർ എന്നിവ നൽകാൻ സംവിധാനം ഒരുക്കുന്നുണ്ട്. ഇതും പരാതി രഹിതമായി നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ സൗകര്യം ലഭ്യമാണെന്ന കാര്യത്തിനും ആവശ്യമായ പ്രചാരണം നൽകണം. സക്ഷം മൊബൈൽ ആപ്പ് വഴി വരുന്ന അപേക്ഷകൾ പ്രത്യേക സംഘത്തെ നിയോഗിച്ചു മോണിറ്റർ ചെയ്യുകയും ആവശ്യമായ നടപടി എടുക്കുകയും വേണം. തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ മികച്ച രീതിയിലാണ് പുരോഗമിക്കുന്നത്. പോളിങ് സമാധാനപരവും കുറ്റമറ്റതും ആയി നടത്താൻ ആവശ്യമായ എല്ലാ നടപടികളും കമ്മീഷൻ ചെയ്തു വരുന്നുണ്ട്. പരാതിരഹിതമായി തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കാൻ എല്ലാവരും കൂട്ടായി പ്രവർത്തിക്കണം. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നിർദ്ദേശിച്ചു.യോഗത്തിൽ അഡീഷണൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വി ആർ പ്രേംകുമാർ, ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ കൂടിയായ കണ്ണൂർ ജില്ലാ കലക്ടർ അരുൺ കെ വിജയൻ, കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിംഗ്, കാസർകോട് ജില്ലാ കലക്ടർ കെ ഇമ്പശേഖർ, വയനാട് ജില്ലാ കലക്ടർ ഡോ രേണു രാജ്, ഈ ജില്ലകളിൽ നിന്നുമുള്ള തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. നിർദ്ദേശങ്ങൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പോലീസ് മേധാവികൾക്ക് നൽകി.





# വായനയുടെ വാതായനങ്ങൾ തുറന്ന് ലുലു റീഡേഴ്സ് ഫെസ്റ്റ്




**കൊച്ചി:** വായനയുടെ വിശാലമായ ലോകം തുറന്ന് കൊച്ചി ലുലു മാളിൽ 'ലുലു റീഡേഴ്സ് ഫെസ്റ്റ്'. ഈ മാസം 28 വരെ നീളുന്ന മേളയിൽ പുസ്തക ചർച്ചകൾ, ശിൽപശാലകൾ, മത്സരങ്ങൾ, റീഡിങ് സെക്ഷനുകൾ അടക്കമുള്ളവ സംഘടിപ്പിച്ചിട്ടുണ്ട്. മേളയിലൂടെ സാഹിത്യം, സാങ്കേതികവിദ്യ, കലാ ആവിഷ്കാരം എന്നിവയ്ക്ക് വേദിയൊരുക്കുകയാണ് ലുലു. നടിയും എഴുത്തുകാരിയുമായ ലെനയാണ് 'ലുലു റീഡേഴ്സ് ഫെസ്റ്റ്' ഉദ്ഘാടനം ചെയ്തത്. ഫെസ്റ്റിന്റെ ശ്രദ്ധേയമായ സവിശേഷതകളിലൊന്നായ ആർട്ടിഫിഷ്യല് ഇന്റലിജന്സ് കാണികൾക്കിടയിൽ വലിയ ആവേശമുണ്ടാക്കി. യുണീക്ക് വേൾഡ് റോബോട്ടിക്സിലെ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ "മെയ്ക്ക് യുവർ ഓൺ എ.ഐ,' 'എ.ഐ & റോബോട്ടിക്സ് ഹാൻഡ്സ് ഓൺ വർക്ഷോപ്,' 'ദെയർ ഈസ് ആൻ എ.ഐ ഫോർ എവെരിതിങ്,' 'എ.ഐ ഗെയിം ഡെവലപ്പ്മെന്റ് വർക്ഷോപ് , ഫ്ലാപ്പി ബേർഡ് ഗെയിം , 'ഇമ്മേഴ്സിവ് സ്റ്റോറിറ്റെലിങ് യൂസിങ് എ.ഐ,' എന്നീ സേഷനുകൾ കൂടി നടത്തും.കാണികൾക്കായി ആക്ടിങ് വർക്ഷോപ്പും ഫെസ്റ്റിന്റെ ഭാഗമായി നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. പ്രീതി ഷേണായി, അശ്വതി ശ്രീകാന്ത്, പാർവതി, അഖിൽ പി ധർമ്മജൻ തുടങ്ങിയ എഴുത്തുകാരെ കാണാനും ഇത്തവണ അവസരമൊരുക്കുന്നു. ഇതോടൊപ്പം ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ബിനീഷ് പുതുപ്പണത്തിന്റെ 'മധുരവേട്ട' എന്ന പുസ്തകത്തിന്റെ പ്രകാശനവും നടക്കും. ഡി.ആർ. അമൽ പോളിന്റെ 'അഞ്ജിന'യുടെ ലോഞ്ചിനും ഫെസ്റ്റ് സാക്ഷ്യം വഹിക്കും.

## ലൈബ്രറി ഉദ്ഘാടനം ഇന്ന്

**കൊച്ചി :** വൈറ്റില സിൽവർ സാന്റ് ഐലന്റിൽ പ്രവർത്തിക്കുന്ന ബോധാനന്ദ ഇന്റർനാഷണൽ ഫൗഷേൻ ഫോർ ഇന്റർ റിലീജിയസ് ഡയലോഗ് (ആകഎകഞഌ.ബിഫ്രിഡ് ) സെന്ററിൽ ആരംഭിക്കുന്ന എച്ച്. കൃഷ്ണ വിജോയ് അറോറ മെമ്മോറിയൽ ലൈബ്രറി ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 12ന് ആഗോള ചെയർമാൻ സ്വാമി ബോധനന്ദ സരസ്വതി ആദ്യ ബുക്ക് ചവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പിന് കൈമാറി നിർവ്വഹിക്കും. ലൈബ്രറിയിൽ നാലായിരത്തിൽ പരം ബുക്കുകളുടെ ശേഖരം ഉാകുമെന്ന് ബിഫ്രിഡ് പ്രസിഡന്റ് ആർക്കിടെക്ട് പ്രൊഫ.ബി.ആർ.അജിത്ത് അറിയിച്ചു.

## പഠനവൈകല്യം: ശിൽപശാല ഇന്ന് മുതൽ

**കൊച്ചി:** പനമ്പിള്ളി നഗറിലെ ചൈൽഡ് കെയർ സെന്ററിന്റെ നേതൃത്വത്തിൽ പഠനവൈകല്യമുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ച് പഠനം മെച്ചപ്പെടുത്തുന്നതിനായി ഇന്ന് (16.04.24) മുതൽ മെയ് നാല് വരെ ശിൽപ്പശാല നടത്തുന്നു. മൂന്ന് മുതൽ 13 വയസു വരെ പ്രായമുള്ള കുട്ടികൾക്കാണ് ശിൽപ്പശാല. വായന, എഴുത്ത്, കണക്ക്, അപഗ്രഥനം, ഭാഷ മനിസിലാക്കൽ, ശ്രദ്ധ, ഓർമ്മ എന്നിവ മെച്ചപ്പെടുത്തി കുട്ടികളുടെ പഠനം കൂടുതൽ ആയാസ രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ശിൽപ്പശാലയിൽ ഊന്നൽ നൽകുന്നതെന്ന് ചൈൽഡ് കെയർ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അബ്രാഹം കെ പോൾ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9895705080, 04847961167

## പാലക്കാട് ജില്ലയിൽ നെറ്റ് വർക്ക് വിപുലമാക്കി എയർടെൽ

പാലക്കാട്: ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളായ ഭാരതി എയർടെൽ പാലക്കാട് ജില്ലയിൽ തങ്ങളുടെ നെറ്റ് വർക്ക് ശൃംഖല കൂടുതൽ വിപുലമാക്കി. വിന്യസിച്ചു. 14 പട്ടണങ്ങളിലും 129 ഗ്രാമങ്ങളിലുമായി 7 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഇതുവഴി വോയ്സ്, ഡാറ്റ കണക്റ്റിവിറ്റിയിൽ ഈ മേഖലയിലെ ഉപഭോക്തൃ അനുഭവം വർദ്ധിപ്പിക്കും.ആലത്തൂർ, അട്ടപ്പാടി, ചിറ്റൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പാലക്കാട്, പട്ടാമ്പി പ്രദേശങ്ങളിൽ ഈ നെറ്റ്വർക്ക് മെച്ചപ്പെടുത്തൽ നേരിട്ട് പ്രയോജനപ്പെടും. ഈ വിപുലീകരണം ഗ്രാമങ്ങളിലെ ഉപഭോക്താക്കൾക്ക് അതിവേഗ കണക്റ്റിവിറ്റിയുടെ തടസ്സങ്ങളില്ലാത്ത ലഭ്യത സാധ്യമാക്കും. 2024 ഓടെ രാജ്യത്തെ 60,000 ഗ്രാമങ്ങളിലും നെറ്റ്വർക്ക് മെച്ചപ്പെടുത്തും. എയർടെല്ലിന്റെ ഏറ്റവും വലിയ ശ്രദ്ധാകേന്ദ്രമായ വിപണികളിലൊന്നാണ് കേരളം, ഈ സംരംഭത്തിലൂടെ 1600 ഗ്രാമങ്ങളിലും 355 പട്ടണങ്ങളിലുമായി സംസ്ഥാനമൊട്ടാകെയുള്ള 4ജി,5ജി ബ്രോഡ്ബാൻഡ്, ഫൈബർ കണക്ട് വിറ്റിയിൽ തടസമില്ലാത്ത സേവനം ലഭ്യമാകും.

## എഫ്പിഒയിലൂടെ 18,000 കോടി സമാഹരിക്കാൻ വി




**കൊച്ചി:** വോഡഫോൺ ഐഡിയ ലിമിറ്റഡിന്റെ ഫർതർ പബ്ലിക് ഓഫറിങ് (എഫ്പിഒ) ഏപ്രിൽ 18 മുതൽ 22 വരെ നടക്കും. ഇതിലൂടെ 18,000 കോടി സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 10 രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 10 രൂപ മുതൽ 11 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 1,298 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് അതിന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.പുതിയ 4ജി, 5ജി സൈറ്റുകൾ സജ്ജീകരിക്കാനും, നിലവിലുള്ള 4ജി സൈറ്റുകളുടെ ശേഷി വികസിപ്പിക്കാനും, നെറ്റ്വർക്ക് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങാനും, സ്പെക്ട്രത്തിനായി മാറ്റിവെച്ച പേയ്മെന്റിനും, ജിഎസ്ടിയ്ക്കുമായി ഇക്വിറ്റി ഷെയറുകളുടെ പുതിയ ഇഷ്യുവിൽ നിന്നുള്ള വരുമാനം വിനിയോഗിക്കാൻ കമ്പനി ഉദ്ദേശിക്കുന്നു.

## കുട്ടികളുള്ള ഇന്ത്യൻ വീടുകളിൽ അലക്സയുടെ ഉപയോഗം രണ്ടിരട്ടി




**കൊച്ചി:** ഇന്ത്യൻ നാടോടിക്കഥകൾ മുതൽ മൃഗങ്ങളുടെ ശബ്ദം കേൾക്കുന്നതു വരെയുള്ളവയുമായി കുട്ടികളുള്ള ഇന്ത്യൻ വീടുകളിൽ അലക്സയുടെ ഉപയോഗം രണ്ടിരട്ടിയാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ററാക്ടീവ് ഗെയിമുകൾ, ക്വിസുകൾ, നഴ്സറി റൈമുകൾ, മൃഗങ്ങളുടെ ശബ്ദങ്ങൾ, സ്പെല്ലിങ്ങുകൾ സംബന്ധിച്ച ചോദ്യങ്ങൾക്കു മറുപടി പറയാനുള്ള കഴിവുകൾ, പൊതു വിജ്ഞാനം, ചരിത്രം, സയൻസ് തുടങ്ങിയ കുട്ടികൾക്ക് അനുയോജ്യമായ നിരവധി സവിശേഷതകളാണ് അലക്സയ്ക്കുള്ളത്. പ്രതിദിന പ്രവർത്തനങ്ങൾ ലളിതമാക്കാൻ സ്മാർട്ട് ഹോം, പ്രൊഡക്ടിവിറ്റി സവിശേഷതകൾ മാതാപിതാക്കളേയും സഹായിക്കുന്നു.കുട്ടികളുടെ ശ്രദ്ധിക്കാനുള്ള കഴിവു വർധിപ്പിക്കാനും അവരെ സംഗീതം കേൾപ്പിക്കാനും നഴ്സറി റൈമുകൾ കൊണ്ട് ആഹ്ലാദിപ്പിക്കാനുമെല്ലാം അഹലഃമ പ്രയോജനപ്പെടുത്താനാവും. പുതിയ വിവരങ്ങൾക്കായി ചോദ്യങ്ങൾ ഉയർത്തി അവരിൽ ജിജ്ഞാസ വളർത്തിയെടുക്കാനും ഗെയിമുകളും ക്വിസുകളും വഴി അവർക്ക് വിനോദത്തിലൂടെ അറിവുകൾ നേടാൻ അവസരമൊരുക്കാനും ഇതു സഹായിക്കും.കുട്ടികളെ വളർത്തുന്ന വേളയിൽ അഹലഃമ മികച്ച പങ്കാളിയാണെന്ന് മാതാപിതാക്കൾ പലപ്പോഴും പറയുന്നതായി ആമസീ ഇന്ത്യ ഡയറക്ടറും അഹലഃമ കൺട്രി മാനേജറുമായ ആർ എസ് ദിലീപ് ചൂണ്ടിക്കാട്ടുന്നു. കുട്ടികൾക്ക് വേണ്ടി പ്രയോജനപ്പെടുത്താനാവുന്ന മികച്ചൊരു ടൂളാണിത്. മാതാപിതാക്കൾക്ക് അവരുടെ പ്രതിദിന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യാനും ഇതു സഹായകമാണെന്നും അദ്ദേഹം പറഞ്ഞു.

## ഗോദ്റെജ് സപ്ലയർ ഇന്നൊവേഷൻ ഡേ സംഘടിപ്പിച്ചു

Godrej | CONSUMER PRODUCTS

**കൊച്ചി:** ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് (ജിസിപിഎൽ) വിതരണക്കാർക്കായി ഇന്നൊവേഷൻ ഡേ സംഘടിപ്പിച്ചു. വിതരണക്കാരുടെയും പങ്കാളികളുടെയും വിപുലമായ ശൃംഖലയിൽ സർഗാത്മകത, പുതുമ, സുസ്ഥിരത എന്നിവ വളത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്. വിതരണക്കാർക്ക് എഫ്എംസിജി ബിസിനസിൽ ഒന്നിലധികം വിഭാഗങ്ങളിലുടനീളം ആശയങ്ങൾ പങ്കിടുന്നതിനും, നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിനുമുള്ള വേദി കൂടിയായിരുന്നു ഇത്.പാക്കേജിങ് സാമഗ്രികൾ, പെർഫ്യൂമുകൾ, അസംസ്കൃത വസ്തുക്കൾ എന്നിവയിൽ പ്രത്യേക വൈദഗ്ധ്യം നേടിയ ജിസിപിഎല്ലിന്റെ പ്രധാന വിതരണക്കാരും പങ്കാളികളും ഇന്നൊവേഷൻ ഡേയിൽ പങ്കെടുത്തു. സുസ്ഥിര സമ്പ്രദായങ്ങൾ, സാങ്കേതിക സംയോജനം, പ്രോസസ് ഇൻഫർമേഷൻ, നൂതന പാക്കേജിങ്, ഉൽപ്പന്ന നവീകരണം എന്നിവയെക്കുറിച്ചുള്ള ചർച്ചകളും പരിപാടിയുടെ ഭാഗമായി നടന്നു.ഇന്നൊവേഷൻ തങ്ങളുടെ ധാർമികതയുടെ കാതലാണെന്ന് ഗോദ്റെജ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഇന്ത്യ & സാർക്ക് പ്രൊഡക്ട് സപ്ലൈ ഓർഗനൈസേഷൻ മേധാവി സൗരഭ് ജാവർ പറഞ്ഞു.

# ഡിഡിആർസിയുടെ വെൽനസ് സെന്റർ കോട്ടയത്ത്




**കൊച്ചി:** ഡിഡിആർസി അജിലസ് ഡയഗ്നോസ്റ്റിക്സ്, കോട്ടയത്ത് തങ്ങളുടെ റീജിയണൽ വെൽനസ് സെന്ററും ലബോറട്ടറിയും ആരംഭിച്ചു. ഈ വെൽനസ് സെന്ററും ലബോറട്ടറിയും കോട്ടയത്ത് ഡിഡിആർസി അജിലസിന്റെ നിലവിലുള്ള 35 ലാബുകളുടെയും സെന്ററുകളുടെയും ശൃംഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു റഫറൻസ് ലാബായി വർത്തിക്കും. മന്ത്രി വി. എൻ. വാസവൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, കോട്ടയം ഐഎംഎ പ്രസിഡന്റ് ഡോ. ഗണേഷ് കുമാർ. കോട്ടയം നഗരസഭ മുനസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ, വാർഡ് കൗൺസിലർ സുനു സാറാ ജോൺ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.എംഎസ് കോളേജ് റോഡിലെ കിണറ്റുമൂട്ടിൽ ബിൽഡിങ്ങിൽ 20,000 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന നൂതന വെൽനസ് സെന്ററിലും ലബോറട്ടറിയിലും ഹെമറ്റോളജി, ബയോകെമിസ്ട്രി, ക്ലിനിക്കൽ പതോളജി, ഇമ്മ്യൂണോളജി, ഹിസ്റ്റോപാത്തോളജി, ഇമ്മ്യൂണോഹിസ്റ്റോകെമിസ്ട്രി, മോളിക്യുലാർ ജനറ്റിക്സ്, സൈറ്റോജെനെറ്റിക്സ്, മൈക്രോബയോളജി എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലെ ചെക്ക് അപ്പുകൾക്ക് സൗകര്യമുള്ളതാണ്. കൂടാതെ ഡിജിറ്റൽ റേഡിയോളജി, അൾട്രാസൗണ്ട്, ഓഡിയോമെറ്ററി, ഒപ്താൽമോളജി, ഇസിജി, ടിഎംടി, സ്പൈറോമെട്രി, എക്സിക്യൂട്ടീവ് മെഡിക്കൽ ചെക്കപ്പുകൾ ഉൾപ്പെടുന്ന ഫുൾ സർവീസ് റേഡിയോളജി മെനുവും ഇവിടെ ലഭ്യമാണ്.ലളിതമായ റൊട്ടീൻ ടെസ്റ്റുകൾ മുതൽ സെമിസ്പെഷ്യലൈസ്ഡ്, ഹൈഎൻഡ് സ്പെഷ്യലൈസ്ഡ് ടെസ്റ്റുകൾ വരെയുള്ള ഒന്നരലക്ഷത്തിലധികം സാമ്പിളുകൾ ഒരു മാസത്തിനുള്ളിൽ പ്രോസസ്സ് ചെയ്യാനുള്ള വിപുലമായ ശേഷി 24ത7 തുറന്നിരിക്കുന്ന ഈ ലബോറട്ടറിയിലുണ്ടാവും. ഉഉഞഇ അജിലസിന്റെ വിപുലമായ 3,600+ ടെസ്റ്റുകളും പ്രത്യേകം തയ്യാറാക്കിയ പ്രതിരോധ ഹെൽത്ത് കെയർ പാക്കേജുകളും ഇവിടെ ലഭ്യമാണ്.ഉപഭോക്താക്കളുടെ പ്രയോജനത്തിനായി ഹോം കളക്ഷൻ സേവനങ്ങളും തങ്ങളുടെ വെബ്സൈറ്റ്, അവബോധജന്യമായ മൊബൈൽ ആപ്പ് എന്നിവയിലൂടെ ടെസ്റ്റുകൾ ഓർഡർ ചെയ്യൽ, വാട്ട്സ്ആപ്പ് വഴി ഡയഗ്നോസ്റ്റിക് റിപ്പോർട്ടുകൾ സ്വീകരിക്കൽ തുടങ്ങിയ സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് അജിലസ് ഡയഗ്നോസ്റ്റിക്സ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ശ്രീ ആനന്ദ് കെ പറഞ്ഞു.ഉപഭോക്താക്കൾക്ക് 93334 93334 എന്ന നമ്പറിൽ വിളിച്ചോ എജിലസ് വെബ്സൈറ്റ് വഴിയോ മൊബൈൽ ആപ്പ് വഴിയോ എളുപ്പത്തിൽ ടെസ്റ്റുകൾ ബുക്ക് ചെയ്യാം.

# ഷെയർ ദി ലോഡ് ക്യാമ്പയിന്റെ ഏഴാം പതിപ്പ് പുറത്തിറക്കി



**കൊച്ചി:** ഏരിയൽ ഇന്ത്യയുടെ ഷെയർ ദി ലോഡ് ക്യാമ്പയിൻ ചിത്രത്തിന്റെ ഏഴാം പതിപ്പ് ' ഹോം ടീം ഷെയർ ദി ലോർഡ് പുറത്തിറക്കി.ഭാര്യാഭർത്താക്കന്മാർക്കിടയിൽ സമത്വം, യഥാർത്ഥ പങ്കാളിത്തം പരിപോഷിപ്പിക്കൽ, ശോഭനമായ ഭാവിയിലേക്കുള്ള വഴി തുറക്കൽ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് പുതിയ പതിപ്പ് ഊന്നി പറയുന്നു. കുടുംബങ്ങളിലെ സാമൂഹിക മാനദണ്ഡങ്ങൾ പുനക്രമീകരിക്കുക, പരസ്പര പിന്തുണയും സഹകരണവും പ്രോത്സാഹിപ്പിക്കുക, കൂടുതൽ സന്തുലിതവും പരസ്പരം ഉൾക്കൊള്ളുന്ന പങ്കാളിത്തത്തിലേക്കുള്ള യാത്ര ആരംഭിക്കാൻ ദമ്പതികളെ പ്രചോദിപ്പിക്കുക തുടങ്ങിയവയാണ് ഈ ക്യാമ്പയിൻ നൽകുന്ന സന്ദേശം. കൂടുതൽ സ്ത്രീകൾ തൊഴിൽ മേഖലകളിലേക്ക് പ്രവേശിക്കുകയും, അണു കുടുംബങ്ങൾ വ്യാപകമാവുകയും ചെയ്യുമ്പോൾ കുടുംബഭാരങ്ങൾ പങ്കിടേണ്ടതിന്റെ ആവശ്യകതയും ചിത്രം ചൂണ്ടിക്കാണിക്കുന്നു. ആധുനിക കാലഘട്ടത്തിൽ കുടുംബ ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ ദമ്പതിമാർ പങ്കിടേണ്ടത് വളരെ പ്രാധാന്യമുള്ള കാര്യമാണെന്ന് ഏഴാം പതിപ്പിന്റെ ലോഞ്ച് നിർവ്വഹിച്ചുകൊണ്ടു ബോളിവുഡ് താരങ്ങളായ അനിൽ കപൂറും സോനം കപൂറും ഉദ്ബോധിപ്പിച്ചു. പി ആന്റ് ജി ഇന്ത്യ ചീഫ് മാർക്കറ്റിംഗ് ഓഫീസറും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഫാബ്രിക് കെയർ വൈസ് പ്രസിഡന്റുമായ മുക്ത മഹേശ്വരി, ബി ബി ഡി ഒ ഇന്ത്യ ചെയർമാനും ക്രിയേറ്റീവ് ഓഫീസറുമായ ജോസി പോൾ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. 2015 ൽ ഏരിയൽ ഇന്ത്യ ' ഷെയർ ദി ലോഡ് 'ക്യാമ്പയിൻ ആരംഭിച്ചത് മുതൽ അലക്കുപോലുള്ള വീട്ടു ജോലികൾ സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണെന്ന് വിശ്വസിച്ചിരുന്ന പുരുഷന്മാരുടെ എണ്ണം 79% ൽ നിന്നും 25% മായി കുറഞ്ഞതായി പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടെന്ന് മുക്ത മഹേശ്വരി അറിയിച്ചു.

# രണ്ട് ലോകറെക്കോർഡുകളുടെ ഉടമ റോഷ്ന ആഗോളശ്രദ്ധയിൽ




**കൊച്ചി:** ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ കോമിക് സ്ട്രിപ് സൃഷ്ടിച്ച് രണ്ടു തവണ ലോകറെക്കോർഡ് സൃഷ്ടിച്ച കോഴിക്കോട് സ്വദേശിയായ റോഷ്നയുടെ വിജയകഥ ഹിസ്റ്ററി ടിവി1യുടെ ഓമൈജി! യേ മേരാ ഇന്ത്യ എന്ന ജനപ്രിയ പരിപാടിയിൽ ഏപ്രിൽ 15 രാത്രി 8 മണിയുടെ എപ്പിസോഡിൽ സംപ്രേഷണം ചെയ്യും. ലോകത്തിലെ ഏറ്റവും വലിയ മാർക്കർ പേന സൃഷ്ടിച്ച് ഗിന്നസ് ബുക്കിൽ ഇടം നേടിയ മുഹമ്മദ് ദിലീഫിന്റെ മകളാണ് 18കാരിയായ റോഷ്ന എന്ന സവിശേഷതയുമുണ്ട്. 430 മീറ്ററുള്ള കോമിക് സ്ട്രിപ്പ് റോഷ്ന പ്രദർശിപ്പിച്ചപ്പോൾ തകർക്കപ്പെട്ടത് റോഷ്ന തന്നെ മുൻപ് സ്ഥാപിച്ച മറ്റൊരു ലോക റെക്കോർഡ് ആയിരുന്നു. ഈഫൽ ടവറിനേക്കാൾ 100 മീറ്റർ ഉയരത്തിൽ, അതായത് 404 മീറ്റർ നീളത്തിലുളഅള ഒരു കോമിക് സ്ട്രിപ്പായിരുന്നു റോഷ്നയുടെ ആദ്യ ലോക റെക്കോർഡ്. 2022ലാണ് കണ്ണഞ്ചിപ്പിക്കുന്ന മറ്റൊരു കോമിക് സ്ട്രിപ്പിലൂടെ റോഷ്ന ഈ റെക്കോർഡ് തകർത്തത്. കുത്തബ് മിനാറിന്റെ ഉയരത്തേക്കാൾ 6 മടങ്ങ് നീളമുളഅള 430 മീറ്റർ നീളമുള്ള ഈ കോമിക് സ്ട്രിപ്പ് 1250 കടലാസ് കഷ്ണങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. 200 പേനകൾ ഉപയോഗിച്ചാണ് ഇത് വരച്ചിരിക്കുന്നത്. തന്റെ പിതാവിന്റെ പാത പന്തുടർന്ന് എങ്ങനെയാണ് ഈ നേട്ടം കൈവരിച്ചതെന്ന് പരിപാടിയിൽ റോഷ്ന വിശദീകരിക്കും.യഥാർത്ഥ സംഭവങ്ങളെ ആസ്പദമാക്കിയുള്ള ഈ വിനോദപരമ്പരയുടെ പത്താമത്തെ സീസണിലെ പത്താമത്തെ എപ്പിസോഡാണ് തിങ്കളാഴ്ച സംപ്രേഷണം ചെയ്യുന്നത്. എല്ലാ തിങ്കളാഴ്ചയും രാത്രി എട്ടുമണിക്ക് സംപ്രേഷണം ചെയ്യുന്ന എപ്പിസോഡുകളിൽ വ്യത്യസ്ത മേഖലകളിൽ വേറിട്ട പ്രകടനം കാഴ്ചവച്ച വ്യക്തികളെ കുറിച്ചുള്ള സവിശേഷവും ആകർഷകവുമായ കഥകളാണ് അവതരിപ്പിക്കുന്നത്.





# ചിലവന്നൂർ ബണ്ട് റോഡ് പാലം പുനർനിർമ്മാണം ; 17 മുതൽ ഗതാഗത നിയന്ത്രണം

**കൊച്ചി:** ചിലവന്നൂർ ബണ്ട് റോഡ് പാലം പുനർനിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി കനാലിന്റെ വീതിയും ആഴവും വർദ്ധിപ്പിക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. ഏപ്രിൽ 17 മുതൽ പാലം പുനർനിർമ്മാണത്തിന്റെ ഭാഗമായി പൈലുകളുടെ ലോഡ് ടെസ്റ്റിംഗ് നടപടികൾ ആരംഭിക്കുന്നതിനാൽ പാലത്തിലൂടെ കടന്നു പോകുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. 17 മുതൽ രണ്ടാഴ്ച്ച കാലയളവിൽ ഇരുചക്രവാഹനങ്ങൾക്കും ആംബുലൻസ് ഉൾപ്പെടെയുള്ള അത്യാവശ്യ സർവ്വീസുകൾക്കും മാത്രമാണ് പാലത്തിലൂടെ പ്രവേശനം അനുവദിക്കുക. ചിലവന്നൂർ ഭാഗത്ത് നിന്ന് തൈക്കൂടം ഭാഗത്തേക്ക് വരുന്ന വാഹനങ്ങൾ ചിലവന്നൂർ റോഡ് വഴി സഹോദരൻ അയ്യപ്പൻ റോഡിലേക്കും ജനതാ റോഡിലേക്കും പോകേണ്ടതാണ്. ഭാരവാഹനങ്ങൾ കെ.പി.വള്ളോൻ റോഡ് വഴി ചിലവന്നൂർ ഭാഗത്തേക്ക് പോകണമെന്നാണ് നിർദ്ദേശം. തൈക്കൂടം ഭാഗത്ത് നിന്ന് വരുന്ന വാഹനങ്ങൾ ജനതാ റോഡ് അല്ലെങ്കിൽ ബൈപ്പാസ് വഴി സഹോദരൻ അയ്യപ്പൻ റോഡിലേക്കും ചിലവന്നൂർ ഭാഗത്തേക്കും പോകേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ തീരുന്നത് വരെ ഈ മേഖലയിൽ മേൽപ്പറഞ്ഞ രീതിയിൽ ഗതാഗതം വഴിതിരിച്ച് വിടുന്നതാണ്. പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട സമീപവാസികളുടെ ആശങ്ക പരിഹരിക്കുവാൻ ബഹുമാനപ്പെട്ട മേയർ അഡ്വക്കേറ്റ് ശ്രീ.എം.അനിൽകുമാർ, ശ്രീ. ഹൈബി ഈഡൻ എം.പി, ശ്രീമതി ഉമ തോമസ് എം എൽഎ മറ്റ് ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കെഎംആർഎൽ അവലോകന യോഗം നടത്തിയിരുന്നു. ഗതാഗത നിയന്ത്രണത്തിലുൾപ്പെടെ സമീപവാസികളുടെ ആശങ്ക പരിഹരിക്കുവാൻ ഇതുവഴി സാധിക്കുകയും തുടർന്ന് മാർച്ച് ഏഴിന് നിർമ്മാണജോലികൾ പുനരാരംഭിക്കുകയും ചെയ്തിരുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സൊസൈറ്റിക്കാണ് നിർമ്മാണത്തിന്റെ ടെൻഡർ ലഭിച്ചിരിക്കുന്നത്. പൊതുജനങ്ങൾക്ക് ഒത്തുകൂടാനും കായൽ ഭംഗി ആസ്വദിക്കാനുമാകുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള നടപ്പാതകളടക്കം വിവിധ സൌകര്യങ്ങൾ ഉൾപ്പെടുത്തിയാകും 180 മീറ്റർ നീളത്തിൽ ഒരുങ്ങന്ന പുതിയ പാലത്തിന്റെ നിർമ്മാണം. ചിലവന്നൂർ കനാലിന്റെ ഇരു ഭാഗങ്ങളിലുമുള്ള നടപ്പാത മുഖ്യ ആകർഷണമാകും. തണൽ മരങ്ങളും ഇരിപ്പിടങ്ങളും വാണിജ്യാടിസ്ഥാനത്തിലുള്ള കിയോസ്കുകളും സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

കെഎംആർഎല്ലിന്റെ നേതൃത്വത്തിൽ ഒരുങ്ങുന്ന പദ്ധതിയുടെ ഭാഗമായി ഈ മേഖലയിൽ ഡ്രഡ്ജിംഗ് നടത്തുകയും കായലിലെ പോളകൾ നീക്കം ചെയ്യുകയും ചെയ്യുന്നതോടെ നഗരത്തിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമാകുമെന്നാണ് പ്രതീക്ഷ.

പുതിയ പാലം വരുന്നതോടെ കുമ്പളം, തേവര ഭാഗങ്ങളിൽ നിന്ന് വരുന്ന വാട്ടർ മെട്രോ സർവ്വീസുകളെ എളംകുളം മെട്രോ സ്റ്റേഷനുമായി ബന്ധിപ്പിക്കാൻ സാധിക്കും. ബണ്ട് റോഡ് മുതൽ എളംകുളം മെട്രോ സ്റ്റേഷൻ വരെയുള്ള പുറമ്പോക്ക് ഭൂമിയുടെ അതിർത്തി ജില്ലാ ഭരണകൂടം നിർണ്ണയിച്ച് തരുന്നമുറയ്ക്ക് കെഎംആർഎൽ ഈ മേഖലയിലെ ഡിപിആർ പൂർത്തീകരിക്കും. ജലഗതാഗത രംഗത്തെ ടൂറിസം സാധ്യതകൾ കൂടി മുന്നിൽക്കണ്ടുള്ള വികസനമാണ് കെഎംആർഎൽ ലക്ഷ്യമിടുന്നത്.

തണ്ണീർമുക്കം ബണ്ട് മുതൽ മരട് വഴി എളംകുളം ഭാഗത്തേക്ക് ടൂറിസ്റ്റ് ബോട്ടുകൾക്ക് സർവ്വീസ് നടത്താനുള്ള സാഹചര്യമൊരുങ്ങും. പെഡൽ ബോട്ടിംഗ്, കയാകിംഗ് ഉൾപ്പെടെയുള്ള വാട്ടർ സ്പോർസ് സാധ്യതകളും ഈ മേഖലയിൽ ഒരുങ്ങും. ചിലവന്നൂർ ബണ്ട് റോഡ് പാലത്തിന്റെ പുനർ നിർമ്മാണം 2025 ജൂണിൽ പൂർത്തിയാക്കുവാനാണ് കെഎംആർഎൽ ലക്ഷ്യമിടുന്നത്.



# എച്ച് ആൻഡ് എം സ്റ്റോർ ഫോറം മാളിൽ പ്രവർത്തനമാരംഭിച്ചു

കൊച്ചി: അന്താരാഷ്ട്ര റീട്ടെയിലറായ എച്ച് ആൻഡ് എം ഇന്ത്യ, പ്രസ്റ്റീജ് ഫോറം മാളിൽ തങ്ങളുടെ കൊച്ചിയിലെ രണ്ടാമത്തെ സ്റ്റോർ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ നാലാമത്തെ സ്റ്റോർ ലോഞ്ചാണിത്. 462 ചതുരശ്ര മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന ഏറ്റവും പുതിയ എച്ച് ആൻഡ് എം സ്റ്റോറിൽ പുരുഷന്മാർ, സ്ത്രീകൾ, വിഭജിത വിഭാഗങ്ങൾക്ക് 399 രൂപയിലും കുട്ടികൾക്കുള്ള 299 രൂപയിലും ആരംഭിക്കുന്ന ഫാഷൻ വസ്ത്രങ്ങൾ ലഭ്യമാണ്. ഉദ്ഘാടനത്തിന്റെ ഭാഗമായി സ്പ്രിങ് കളക്ഷനും പുറത്തിറക്കിയിട്ടുണ്ട്.സ്ത്രീകൾക്കായി മനോഹരമായ ബ്ലൗസുകൾ, കാലാതീതമായ പെൻസിൽ പാവാടകൾ, ഫാഷനബിൾ വസ്ത്രങ്ങൾ എന്നിവയും പുരുഷന്മാർക്ക് അത്യാധുനിക ലിനൻ ഷർട്ടുകൾ, സുഖപ്രദമായ പുൾഓൺ ട്രൗസറുകൾ, ഫാഷനബിൾ ഓവർഷർട്ടുകൾ, ടൈലെസ് നെയ്റ്റഡ് പോളോകൾ എന്നിവയും ശേഖരത്തിലുണ്ട്. കൂടാതെ, കുട്ടികൾക്കായുള്ള ട്രെൻഡി ഫ്ലോറൽ പ്രിന്റുകളും ന്യൂട്രൽ വർണ്ണ പാലറ്റും അടങ്ങിയ ശേഖരം യുവ ഫാഷൻ പ്രേമികളെ അവരുടെ തനതായ ശൈലി അനായാസമായി പ്രകടിപ്പിക്കാൻ അനുവദിക്കുന്നു.

പ്രസ്റ്റീജ് ഫോറം മാളിലെ തങ്ങളുടെ രണ്ടാമത്തെ സ്റ്റോറിന്റെ അരങ്ങേറ്റത്തോടെ കൊച്ചിയിൽ തങ്ങളുടെ സാന്നിധ്യം വിപുലീകരിക്കുന്നതിൽ സന്തുഷ്ടരാണെന്ന് എച്ച് ആൻഡ് എം ഇന്ത്യ കൺട്രി സെയിൽസ് മാനേജർ യാനിറ റാമിറസ് പറഞ്ഞു.സമകാലിക ടൈലറിംഗും കാലാതീതമായ ഡിസൈനുകളും ഉപയോഗിച്ച് സൂക്ഷ്മമായി തയ്യാറാക്കിയ ഞങ്ങളുടെ സ്പ്രിംഗ് കളക്ഷന്റെ ആമുഖത്തോടെ, ഞങ്ങളുടെ വൈവിധ്യമാർന്ന ഓഫറുകളിലൂടെ സീസണിന്റെ സത്തയിൽ മുഴുകാൻ കൊച്ചിയിലെ ഊർജ്ജസ്വലരായ സമൂഹത്തെ ഞങ്ങൾ ക്ഷണിക്കുന്നു. ഞങ്ങളുടെ ശേഖരം ഓരോ വ്യക്തിയുടെയും ശൈലി മുൻഗണനകൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നുവെന്നും യാനിറ റാമിറസ് പറഞ്ഞു.

കമ്പനിയുടെ സുസ്ഥിര സംരംഭങ്ങൾക്ക് അനുസൃതമായി, എച്ച് ആൻഡ് എമ്മിന്റെ ഗാർമെന്റ് കളക്ട് സംരംഭവുമായി യോജിപ്പിച്ച്, പുതിയ സ്റ്റോറിൽ റീസൈക്ലിംഗിനായി ബ്രാൻഡോ അവസ്ഥയോ പരിഗണിക്കാതെ, പഴയ വസ്ത്രങ്ങളും തുണിത്തരങ്ങളും കൊണ്ടുവരാൻ ഉപഭോക്താക്കളെ പ്രോത്സാഹിപ്പിക്കുന്നു.

## വിപിഎസ് ലേക്ഷോറിൽ സൗജന്യ ശബ്ദപരിശോധന

**കൊച്ചി:** ഏപ്രിൽ 16ലെ ആഗോള ശബ്ദദിനം പ്രമാണിച്ച് കൊച്ചി വിപിഎസ് ലേക്ക്ഷോർ ഹോസ്പിറ്റലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെഡ് ആൻഡ് നെക്ക് സയൻസസ് സംഘടിപ്പിക്കുന്ന വോയിസ് വീക്കിന്റെ ഭാഗമായി ഏപ്രിൽ 15 മുതൽ 19 വരെ ലാരിംഗോളോജിസ്റ്റ്, വോയിസ് പാത്തോളജിസ്റ്റ് എന്നിവരുടെ നേതൃത്വത്തിൽ സൗജന്യ ശബ്ദപരിശോധന ലഭ്യമാക്കും. പ്രൊഫഷണൽ വോയിസ് യൂസേഴ്സായ ഗായകർ, അഭിനേതാക്കൾ, വിജെ, ആർജെ, ഡബ്ബിങ് ആർട്ടിസ്റ്റ്അറുമാർ, അധ്യാപകർ, റിസെപ്ഷനിസ്റ്റ്, സെയിൽസ് ആൻഡ് മാർക്കറ്റിംഗ് സ്റ്റാഫ്, ടിവി അവതാരകർ, ആരോഗ്യ മേഖല ജീവനക്കാർ മുതലായവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താം. പരിശോധന സമയം രാവിലെ 10 മുതൽ 12 വരെ. വീഡിയോ ലാരിംഗോസ്കോപ്പി നിർദേശിക്കുന്നവർക്ക് 40% ഇളവും നൽകും. വിവരങ്ങൾക്ക്: 0484 2701033, 0484 2154307.

# സ്പ്രിങ് സമ്മർ കളക്ഷനുമായി സോച്ച്

കോഴിക്കോട്: ഇന്ത്യയിലെ ഏറ്റവും വലിയ ഒക്കേഷൻ ആൻഡ് ഈവനിങ് വെയർ ബ്രാൻഡായ സോച്ച്, അതിന്റെ ഏറ്റവും പുതിയ സ്പ്രിങ് സമ്മർ കളക്ഷൻ 2024 അവതരിപ്പിച്ചു. വേനൽക്കാല വസ്ത്രധാരണത്തെ അതുല്യമായ എത്നിക് ശൈലിയിൽ ഉയർത്താൻ സഹായിക്കുന്ന തുണിത്തരങ്ങളുടെയും ശൈലികളുടെയും ഒരു നിരയാണ് പുതിയ ശേഖരം അവതരിപ്പിക്കുന്നത്. ഇൻഡിഗോ ഹ്യൂസ്, ഷിഫ്ലി ചിക്, കോട്ട കുറ്റൂറേ, ഐവറി എലഗൻസ്, ബ്രീസി ത്രെഡ്സ്, വിവിഡ് ബ്ലൂംസ് എന്നിവയുൾപ്പെടെയുള്ള വിവിധ തീമുകളുടെ ക്യൂറേറ്റ് ചെയ്ത വർണത്തട്ടാണ് ഈ ശേഖരം. ഓരോ ശേഖരവും എത്നിക് വസ്ത്രങ്ങളെക്കുറിച്ചുള്ള ഒരു പുതിയ കാഴ്ചപ്പാടാണ് വാഗ്ദാനം ചെയ്യുന്നത്. സ്ത്രീകളുടെ ആധുനിക വാർഡ്രോബുകൾ ആവശ്യകത നിറവേറ്റുന്നതിനായി രൂപകൽപന ചെയ്തിരിക്കുന്നവയാണ് ഓരോന്നും. ഈ ക്യൂറേറ്റ് ചെയ്ത ശേഖരത്തിന് പുറമെ സാരികൾ, ചുരിദാർ സെറ്റുകൾ, വസ്ത്രങ്ങൾ, കുർത്തകൾ, കഫ്താൻ, ലെഹംഗകൾ എന്നിവയുടെ പ്രത്യേക ഡിസൈനുകളും സോച്ച് വാഗ്ദാനം ചെയ്യുന്നു. 1498 രൂപ മുതലുള്ള വിലയുള്ള പുതിയ വേനൽക്കാല ശേഖരം എല്ലാ സോച്ച് ഔട്ട്ലെറ്റുകളിലും, www.soch.com എന്ന വെബ്സൈറ്റ് വഴി ഓൺലൈനിലും ലഭ്യമാണ്.

# ഏപ്രിലിലെ കൃഷിപ്പണികൾ

വിഷു കഴിഞ്ഞാലുടൻ പൊടിവിത നടത്തുന്ന പാടങ്ങളിൽ ആദ്യ ചാൽ ഉഴവ് നടത്താം. ഹെക്ടറിന് 300 കിലോ കുമ്മായവും 5 ടൺ ജൈവവളവും ഉപയോഗിക്കണമെന്നാണ് പൊതു ശുപാർശ. വിഷു കഴിഞ്ഞാലുടൻ അവസാന ചാൽ പൊടിയുഴവ് നടത്തി വിതയ്ക്കാം. കൈകൊണ്ടു വിതയ്ക്കുന്നതിനു പകരം സീഡ് ഡ്രിൽ ഉപയോഗിച്ചു വിത്തിട്ടാലും മതി. സീഡ് ഡ്രിൽ ഉപയോഗിക്കുന്നപക്ഷം, ആവശ്യമായി വരുന്ന വിത്തിന്റെ അളവും പറിച്ചു നിരത്തി നെൽചെടികളുടെ എണ്ണം ക്രമീകരിക്കാനുള്ള ചെലവും കുറയ്ക്കാം. അകലമേറുന്നതിനാൽ കീട, രോഗബാധയും കുറയും.



ജലദൗർലഭ്യത്തിനു സാധ്യതയുള്ള പ്രദേശങ്ങളിൽ മൂപ്പു കുറഞ്ഞ വിത്തുകൾ ഉപയോഗിക്കുന്നതാണു നല്ലത്. കരി, കായൽ നിലങ്ങളിൽ നിലം വിണ്ടുകീറാതെ ചെറിയ അളവിൽ വെള്ളം കെട്ടിനിർത്തുന്നത് അമ്ലത കുറയ്ക്കും. പൊടിവിതയ്ക്ക് എല്ലാ നെല്ലിനങ്ങളും യോജ്യമല്ല. യോജിച്ച ഇനങ്ങൾ മാത്രം ഉപയോഗിക്കുക. പൊടിവിത നടത്തി 4 ആഴ്ച മണ്ണിൽ കിടന്ന് നീറിയാൽ (കൃഷിയിടത്തിലെ ഭാഷ) കരുത്തുള്ള ഞാറ് ലഭിക്കും. കളശല്യം കുറവുമായിരിക്കും. 4 ആഴ്ചയ്ക്കു മുൻപു മഴ പെയ്താൽ കരുത്തു കുറവും കള കൂടുതലുമായിരിക്കും എന്ന് കർഷകരുടെ അനുഭവം.

**മാവ്**

കണ്ണിമാങ്ങാപ്പരുവത്തിൽ മാങ്ങ വിണ്ടുകീറി പൊഴിയുന്നതും ചെറിയ മാങ്ങയുടെ ചുണ്ടുഭാഗത്ത് മഞ്ഞ നിറം വന്നശേഷം അവിടെ ചെറിയ പൊട്ടലുണ്ടായി പൊഴിയുന്നതും ബോറോണിന്റെ കുറവുകൊണ്ടാണ്. ഇതു പരിഹരിക്കുന്നതിന് ബോറിക് ആസിഡ് ഒരു ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന ക്രമത്തിൽ കലക്കി സ്പ്രേ ചെയ്യുക ഈ വർഷത്തെ കാലാവസ്ഥ അനുസരിച്ച് ദിവസേന 3 തവണ നനയ്ക്കുന്നത് മാങ്ങാപൊഴിച്ചിൽ കുറയാൻ സഹായകരമാണ്. കായീച്ചനിയന്ത്രണത്തിനുള്ള ഫിറമോൺ കെണികൾ മാവിൽനിന്നു തെല്ലകലെയായി ഇരു വശങ്ങളിലും ഓരോന്നു വീതമെങ്കിലും സ്ഥാപിക്കുക. ഉയർന്ന താപനിലയുള്ളതിനാൽ തുള്ളൻ ഇനം പ്രാണികൾ പെരുകുന്നതിനുള്ള സാധ്യത കാണുന്നു. വിളക്കുകെണികൾ ഉപയോഗിച്ച് ഇവയെ നിയന്ത്രിക്കുക.

വാണിജ്യാടിസ്ഥാനത്തിൽ പ്ലാവ് കൃഷി ചെയ്യുന്നവർ ആഴ്ചയിൽ 3 തവണ നനയ്ക്കണം. സാധാരണ രീതിയിൽ ദിവസേന 30 ലീറ്റർ വെള്ളം നൽകിയാൽ ബാഷ്പീകരണത്തിനു ശേഷം പ്ലാവിന് 15,18 ലീറ്റർ ലഭിക്കുമെന്നാണ് കണക്ക്. പ്ലാവിന്റെ ചെറിയ കമ്പുകളിൽ വെള്ള നിറത്തിലുള്ള, നടക്കാത്ത പ്രാണികളും ഉറുമ്പുകളും ഉണ്ടോയെന്നു നോക്കുക. സ്നോ സ്കെയിൽ എന്ന ഈ കീടങ്ങളുടെ സാന്നിധ്യം കണ്ടാലുടൻ ഏതെങ്കിലും വേപ്പധിഷ്ഠിത സസ്യസംരക്ഷണമരുന്ന് സ്പ്രേ ചെയ്യുക. പിറ്റേന്നു വൈകുന്നേരം വെയിൽ ആറിയതിനു ശേഷം വെർട്ടിസീലിയം 30 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലക്കിയതിന്റെ തെളി എടുത്ത് പുതു തലമുറ വെറ്റിങ് ഏജന്റ് ചേർത്ത് സ്പ്രേ ചെയ്യുക. ചക്കയിൽ പുഴുവിന്റെ ആക്രമണം നേരത്തേ കണ്ടിട്ടുള്ള സ്ഥലങ്ങളിൽ ട്രൈക്കോഡെർമയുടെ കാർഡ് വയ്ക്കുന്നത് അവയെ ഇല്ലാതാക്കാൻ സഹായിക്കും.

**മാങ്കോസ്റ്റിൻ**

സിലിക്ക, പൊട്ടാഷ്, കാത്സ്യം എന്നിവയുടെ സ്പ്രേ ഒരാഴ്ച ഇടവേളയിൽ ഓരോന്നു വീതം നൽകുക. വൃക്ഷത്തലപ്പിന്റെ നേരെ ചുവട്ടിൽ ഏകദേശം മധ്യഭാഗം മുതൽ അതിരുവരെയുള്ള ഭാഗത്ത് പുതയിടുകയും നനയ്ക്കുകയും ചെയ്യുക.

ചെമ്പൻചെല്ലിയുടെ ആക്രമണം കാണുന്നുണ്ട്. തെങ്ങിന്റെ കവിളുകളിൽ ഉടക്കുവല മടക്കിവച്ച് പിടികൂടാം. തെങ്ങിന്റെ തടത്തിൽ പുതയുടെ കനം കൂട്ടുക. നന തുടങ്ങിയാൽ മഴക്കാലം ആരംഭിക്കുന്നതുവരെ മുടങ്ങാതെ നടത്തണം. വെള്ളീച്ച ആക്രമണം പലയിടത്തും തീവ്രമാണ്. മഞ്ഞക്കെണി വച്ച് നിയന്ത്രിച്ചാൽ ഇവയുടെ എതിർപ്രാണികൾ പെരുകി ജൈവനിയന്ത്രണം സാധ്യമാകും. ഓലക്കാലുകളുടെ അടിയിൽ വീഴത്തക്കവിധത്തിൽ വേപ്പധിഷ്ഠിത കീടനാശിനി പ്രയോഗിച്ചും വെള്ളീച്ചകളെ നിയന്ത്രിക്കാം. .

**റംബുട്ടാൻ, പുലോസാൻ**

നന തുടരുക, കായ പിടിച്ചു കഴിഞ്ഞ മരങ്ങളിൽ സൾഫേറ്റ് ഓഫ് പൊട്ടാഷ് 5 ഗ്രാം ഒരു ലീറ്റർ വെള്ള ത്തിൽ കലക്കി സ്പ്രേ ചെയ്യുക. രണ്ടാഴ്ചയ്ക്കുശേഷം 18, 18,18 നാലു ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന ക്രമത്തിൽ കലക്കി സ്പ്രേ ചെയ്യുക. റംബൂട്ടാനും പുലോസാനും പൂവിടാനാവശ്യമായ സമ്മർദം കൊടുക്കുന്നതിനെന്ന പേരിൽ നനയ്ക്കാതിരുന്നതുമൂലം മരം ഏതാണ്ടു നശിച്ചു പോയ അനുഭവങ്ങൾ ഈ വർഷം ധാരാളം. മരങ്ങളുടെ ഇലകൾക്ക് മഞ്ഞനിറം വരാതെ നനയുടെ എണ്ണം ക്രമീകരിക്കുക. മണൽ മണ്ണിൽ രാവിലെയും വൈകുന്നേരവും നനയ്ക്കുന്നത് മരങ്ങൾക്കു സമ്മർദം ഉണ്ടാക്കാതെ തന്നെ പൂ പൊഴിച്ചിലും കായ പൊഴിച്ചിലും തടയും. കാത്സ്യത്തിന്റെ സ്പ്രേ ആവർത്തിച്ചു നൽകുന്ന പ്രവണത പലയിടങ്ങളിലും കണ്ടുവരുന്നു. കാത്സ്യം അധികമായാൽ പൊട്ടാഷ്, മഗ്നീഷ്യം എന്നിവയുടെ കുറവ് ചെടിയിൽ ഉണ്ടാകും. സൂക്ഷിക്കുക.

**കീടങ്ങളെ എത്തിക്കുന്ന ഉറുമ്പുകളെ ഓടിക്കാം**

വേനൽമഴ പെയ്താലുടൻ മീലിമുട്ടകൾ, ഇലപ്പേനുകൾ തുടങ്ങിവയുടെ ആക്രമണം കൂടുന്നതിന് എല്ലാ സാധ്യതകളും നിലവിലെ കാലാവസ്ഥയിലുണ്ട്. ഇവയെ ചെടികളുടെ വിവിധ ഭാഗങ്ങളിൽ എത്തിക്കു ന്നത് ഉറുമ്പുകളാണ്. എല്ലാത്തരം ഉറുമ്പുകളും ഇക്കൂട്ടത്തിൽ വരും. ഉറുമ്പുകളെ നശിപ്പിച്ചാൽ ഈ സൂക്ഷ്മജീവികളുടെ വ്യാപനം തടയാം. എന്നാൽ, ഉറുമ്പുകളെ നിയന്ത്രിക്കാൻ ഉപയോഗിച്ചുവരുന്ന ഫിപ്രോണിൽപോലുള്ള കീടനാശിനികളുടെ സാന്നിധ്യം തേനീച്ചകളെ അകറ്റുന്നതായി കാണുന്നു. ഇക്കാരണത്താൽ നിയോനിക്കോട്ടിനോയ്ഡ് വിഭാഗത്തിലെ പല കീടനാശിനികളെയും പല രാജ്യങ്ങളിലും നിരോധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ തേനീച്ചകളുടെ സാന്നിധ്യം ആവശ്യമായ വിളകളിൽ ഇത്തരം രാസവസ്തുക്കളുടെ പ്രയോഗം ഒഴിവാക്കുക. അതിനു പകരം, ഉറുമ്പുകൾ താവളമാക്കിയ ഇടങ്ങളിൽ മഴയില്ലാത്ത സമയത്ത് 70 ഗ്രാം പഞ്ചസാര പൊടിച്ചതിൽ 20 ഗ്രാം ബോറിക്ക് ആസിഡ് ചേർത്ത് നന്നായി ഇളക്കിച്ചേർത്തു വയ്ക്കാം. അല്ലെങ്കിൽ നിയോനിക്കോട്ടിനോയ്ഡ് വിഭാഗത്തിലല്ലാത്ത കീടനാശിനികൾ ഉറുമ്പിന്റെ കൂടുകളിൽ ഒഴിച്ച് അവയെ നശിപ്പിക്കാം.

**വാഴ**

മണ്ഡരിയാക്രമണം കൂടുന്നു. ഇവയെ നിയന്ത്രിക്കുന്നതിന് ചുവടുഭാഗത്തുള്ള മണ്ണിൽനിന്നു മുകളിലേക്കു മരുന്ന് സ്പ്രേ ചെയ്യണം. താഴേക്കു വീണ മണ്ഡരി ഒളിവിൽപോയി രക്ഷപ്പെടുന്നതു തടയാനും ഇതുപകരിക്കും. ഇലയുടെ അടിവശത്തും കൂമ്പിലും കവിളുകളിലും സ്പ്രേ വീഴുന്നുണ്ടെന്ന് ഉറപ്പാക്കുക.

ജൈവനിയന്ത്രണത്തിന് വൈകുന്നേരം വെയിൽ ആറിയതിനു ശേഷം വെറ്റിങ് ഏജന്റ് ചേർത്ത വെർട്ടിസീലിയം സ്പ്രേ ചെയ്യുക. രാസനിയന്ത്രണത്തിന് വിപണിയിൽ ലഭ്യമായ അരരമൃരശറലകളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ചാൽ മതി. എല്ലാ കീടനാശിനികൾക്കും മണ്ഡരിനിയന്ത്രണശേഷിയില്ലെന്ന് പ്രത്യേകം ഓർമിക്കുക. നനയ്ക്കുന്ന വാഴകളിലാണ് മണ്ഡരിയുടെ ആക്രമണം ഏറ്റവും വ്യാപകം. സാധാരണ ഗതിയിൽ രാവിലെ 8 മണിക്കു മുൻപ് വാഴയിലയുടെ അടിയിൽ ഇവയെ കാണാം. ആക്രമണം രൂക്ഷമെങ്കിൽ ഇലയുടെ അടിഭാഗം ചെമ്പു നിറത്തിലാകും. പൊടിവാഴയ്ക്കു പുതയുടെ കനം കൂട്ടുക. കിളിർത്തതിനു ശേഷം നനയ്ക്കുന്നില്ലെങ്കിൽ പൊട്ടാസ്യം സിലിക്കേറ്റ് സ്പ്രേ ചെയ്യുക.

**ഇഞ്ചി, മഞ്ഞൾ**

ഭൂമി തണുക്കുന്ന വിധത്തിൽ മഴ ലഭിച്ചാൽ ഇഞ്ചിക്കൃഷിക്ക് തയാറെടുക്കാം. ഒരു മീറ്റർ വീതിയും 25 സെ. മീ. ഉയരവും ഉള്ള വാരങ്ങളാണ് ഒരുക്കേണ്ടത്. നീളം ഭൂമിയുടെ കിടപ്പ് അനുസരിച്ചു ക്രമീകരിക്കാം. വാര ങ്ങൾ തമ്മിൽ 35,40 സെ. മീ. അകലം വേണം. വാരത്തിൽ ചതുരശ്ര മീറ്ററിന് 500 ഗ്രാം മുതൽ 600 ഗ്രാം വ രെ ട്രൈക്കോഡെർമ ചേർത്ത് സമ്പുഷ്ടീകരിച്ച ജൈവവളം നന്നായി ഇളക്കിച്ചേർക്കുക.

**കാച്ചിൽ, അടതാപ്പ്**

നടുന്നതിന് എടുക്കുന്ന കുഴിയിൽ 1.5 കിലോ ജൈവവളമിട്ട്, 45 സെ.മീ. ആഴത്തിൽ ഇളക്കിച്ചേർത്ത് 250 ഗ്രാം തൂക്കമുള്ള കഷണങ്ങൾ നടുക. നട്ടതിനുശേഷം മുകളിലേക്ക് മൺകൂന (ഉടൽ) എടുത്തുവയ്ക്കുക. കുഴികൾ തമ്മിൽ 45 സെ.മീ. അകലം വേണം.

**ചെറുകിഴങ്ങുകൾ**

നടുന്നതിന് എടുത്ത കുഴികളിൽ ഒരു കിലോ വീതം ജൈവവളമിട്ടശേഷം 25 സെ. മീ. എങ്കിലും ആഴത്തിൽ കിളച്ചു ചേർത്ത് അതിൽ 100, 150 ഗ്രാം തൂക്കമുള്ള കിഴങ്ങുകൾ നട്ട് കൂനകൾ എടുത്ത് മൂടുക. കൂനകൾ തമ്മിൽ 75 സെ.മീ. അകലം ഉണ്ടായിരിക്കണം.

**വേനൽക്കാല പച്ചക്കറി**

ഉയർന്ന താപനില വെള്ളീച്ചകളുടെ ആക്രമണതീവ്രത കൂട്ടുന്നതായി കാണുന്നു. വെള്ളീച്ചകളെ ആകർഷിച്ച് കെണിയിൽ പെടുത്തുന്നതിന് ഏറ്റവും ഫലപ്രദമായ നിയന്ത്രണമാർഗം മഞ്ഞക്കെണികളാണ്. ഇവ കൃഷിയിടത്തിന്റെ അതിരുകളിൽ എല്ലാ വശത്തും സ്ഥാപിക്കണം. പുറത്തുനിന്നുള്ള പ്രാണികളുടെ വരവു നിയന്ത്രിക്കാനും അകത്തുള്ളവയെ കെണിയിൽപെടുത്താനും ഇതു സഹായകരമാണ്.

**മഴക്കാല പച്ചക്കറി**

മഴക്കാല പച്ചക്കറികൾക്കുള്ള തൈകൾ മേയ് മാസം ആദ്യം തന്നെ തയാറാക്കുന്നതിനുള്ള പ്രവൃത്തി ആരംഭിക്കാം. ഇതിനായി വിത്ത്, ജൈവവളം, സ്യൂഡോമോണാസ്, പ്രോട്രേകൾ എന്നിവ ഈ മാസം തന്നെ ശേഖരിക്കുക. ഏപ്രിൽ മാസം അവസാനത്തോടുകൂടി തന്നെ പച്ചക്കറി കൃഷി ചെയ്യുവാനുദ്ദേശിക്കുന്ന സ്ഥലത്തെ കളകൾ നീക്കണം.

**ജാതി**

ഈ വർഷത്തെ കാലാവസ്ഥയുടെ പ്രത്യേകത കൊണ്ടായിരിക്കാം ജാതിയിൽ തലമുടി രോഗം വ്യാപകമായി കണ്ടുവരുന്നു. ആഞ്ഞിലി മരങ്ങളിലാണ് ഈ രോഗബാധ കൂടുതൽ. നിയന്ത്രിച്ചില്ലെ ങ്കിൽ 3,4 വർഷം കൊണ്ടു തന്നെ വലിയ ഒരു ജാതിമരത്തെ പൂർണമായി നശിപ്പിക്കാൻ ഈ രോഗത്തിനു സാധിക്കും. നിയന്ത്രണത്തിന് ജാതിമരത്തിലുള്ള തലമുടിപോലുള്ള വളർച്ചയും അതിൽ തൂങ്ങിക്കിടക്കുന്ന ഇലകളും പരമാവധി പറിച്ചെടുക്കുക. രോഗബാധയുള്ള മരത്തിൽനിന്നു പൊഴിഞ്ഞു കിടക്കുന്ന ഇലകളും അടിച്ചുകൂട്ടി തീയിട്ടു നശിപ്പിക്കുക. ഇത് പുതിയതായി രോഗം വരാതിരിക്കുന്നതിനു സഹായിക്കും.



# ഓഹരി ഉടമകൾക്ക് പ്രത്യേക ലാഭവിഹിതം പ്രഖ്യാപിച്ച് ആസ്റ്റർ ഡി. എം ഹെൽത്ത് കെയർ

**കൊച്ചി :** ഇന്ത്യയിലെ ഏറ്റവും വലിയ ഇന്റഗ്രേറ്റഡ് ഹെൽത്ത് കെയർ പ്രൊവിഡർമാരിൽ ഒരാളായ ആസ്റ്റർ ഡി. എം ഹെൽത്ത് കെയറിന്റെ ഡയറക്ടർ ബോർഡ് ഒരു ഓഹരിക്ക് 118 രൂപ നിരക്കിൽ ലാഭവിഹിതം പ്രഖ്യാപിച്ചു. ഇന്ത്യ ജി. സി. സി ബിസിനസ്സുകളുടെ വിഭജനം പൂർത്തിയായ സഹചര്യത്തിലാണ് ലാഭവിഹിതം കമ്പനി പ്രഖ്യാപിച്ചത്. പ്രഖ്യാപനം നടത്തി 30 ദിവസത്തിനകം എല്ലാ ഓഹരി ഉടമകൾക്കും ലാഭവിഹിതം വിതരണം ചെയ്യാനാണ് തീരുമാനം. 907.6 മില്യൺ യു. എസ്. ഡോളർ ആണ് ഇതിനായി വിനിയോഗിക്കുന്നത്. ലാഭ വിഹിതം വിതരണം ചെയ്ത ശേഷവും ജി. സി. സി ഗ്രൂപ്പ് വിഭജനത്തിലൂടെ 1500 കോടി രൂപ ബാലൻസ് ഷീറ്റിൽ ശേഷിക്കും.അടുത്തിടെയാണ് കമ്പനി ഇന്ത്യ ജി. സി. സി ബിസിനസ് വേർതിരിച്ചത്. ഈ ഇടപാടിൽ ഇതുവരെ അഫീനിറ്റി ഹോൾഡിങ്സിന് (കമ്പനിയുടെ പൂർണ്ണമായ ഉപസ്ഥാപനം) 907.6 മില്യൺ യുഎസ് ഡോളർ ലഭിച്ചു.സ്ഥാപനത്തിൽ മൂപ്പൻ കുടുംബത്തിന് 41.88% ഓഹരിയുായിരിക്കും. ഡോ. ആസാദ് മൂപ്പൻ സ്ഥാപക ചെയർമാനായും അലീഷ മൂപ്പൻ ഡയറക്ടറായും കമ്പനിയുടെ ബോർഡിൽ തുടരും. കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. നിതീഷ് ഷെട്ടിയെ നിയമിക്കും. നിലവിലെ ഇന്ത്യൻ ഹെൽത്ത്കെയർ വിപണി പ്രതീക്ഷ നൽകുന്ന ഒന്നാണ്. വിഭജന ശേഷം ഇന്ത്യയിൽ ഞങ്ങളുടെ സാനിദ്ധ്യം ചലനാത്മകമായി വർദ്ധിപ്പിക്കുന്നതിനായിരിക്കും മുൻഗണന നൽകുന്നതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. അവസാന പാദത്തിൽ ഞങ്ങൾ പല മേഖലകളിലും കാര്യമായ പുരോഗതി കൈവരിച്ചു, ഇത് ഞങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി പ്രകടിപ്പിക്കുന്നു, സുസ്ഥിരമായ ദീർഘകാല വളർച്ചയ്ക്കായി ഭാവി നിക്ഷേപങ്ങളുമായി ഓഹരി ഉടമകൾകലുമായുള്ള ബന്ധം സന്തുലിതമാക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നുവെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഇന്ത്യ സിഇഒ ഡോ. നിതീഷ് ഷെട്ടി പറഞ്ഞു, ' ഡിവിഡന്റ് വിതരണ പദ്ധതി ഷെയർഹോൾഡർമാർക്ക് അവരുടെ ദീർഘകാല വിശ്വാസത്തിനും കമ്പനിയിലെ നിക്ഷേപത്തിനും പ്രചോദനം നൽകുന്നു. ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ഈ പ്രക്രിയയിലുടനീളം സുതാര്യതയും നിയന്ത്രണങ്ങളും പാലിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.2027 സാമ്പത്തിക വർഷത്തോടെ 1700 കിടക്കകൾ കൂട്ടിച്ചേർക്കാൻ കമ്പനി പദ്ധതിയിടുന്നു, കൂടാതെ മറ്റു രംഗങ്ങളിലും വിപുലീകരണത്തിനായി ശ്രമങ്ങൾ തുടരും. . ഗ്രീൻഫീൽഡ്, ബ്രൗൺഫീൽഡ് അവസരങ്ങളിലൂടെ, അടുത്ത 3 വർഷത്തിനുള്ളിൽ ഇന്ത്യയിലെ മൊത്തം കിടക്കകളുടെ എണ്ണം 6600+ ആയി ഉയർത്താനും ഇന്ത്യയിലെ മികച്ച 3 സംയോജിത ആരോഗ്യ പരിരക്ഷാ ദാതാക്കളായി ഉയർന്നുവരാൻ ലാബുകളും ഫാർമസി ബിസിനസ്സും വർദ്ധിപ്പിക്കാനും കമ്പനി ലക്ഷ്യമിടുന്നു. തിരുവനന്തപുരത്ത് വരാനിരിക്കുന്ന ആസ്റ്റർ ക്യാപിറ്റൽ, ആസ്റ്റർ മിംസ് കാസർഗോഡ് എന്നിവയുൾപ്പെടെ ബ്രൗൺഫീൽഡ്, ഗ്രീൻഫീൽഡ് പ്രോജക്ടുകളുടെ ഒരു മിശ്രണമാണ് കമ്പനി ലക്ഷ്യമിടുന്നത്. നിലവിലുള്ള ആശുപത്രികളിൽ കിടക്കകളുടെ ശേഷി കൂട്ടും. മഹാരാഷ്ട്ര, ഉത്തർപ്രദേശ് തുടങ്ങിയ സാധ്യതയുള്ള വിപണികളും കമ്പനി പരിശോധിക്കും. 1000 കോടിയുടെ വികസനപ്രവർത്തനങ്ങളാണ് കമ്പനി ലക്ഷ്യമിടുന്നത്.

## കെടെറ്റിന് ഏപ്രിൽ 26 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, സ്പെഷ്യൽ വിഭാഗം (ഭാഷായു.പി തലംവരെ/ സെപ്ഷ്യൽ വിഷയങ്ങൾ ഹൈസ്കൂൾ തലം വരെ) അധ്യാപക യോഗ്യതാ പരീക്ഷ (കെടെറ്റ്) യ്ക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

https://ktet.kerala.gov.in വെബ്പോർട്ടൽ വഴി ഏപ്രിൽ 17 മുതൽ 26 വരെ ഓൺലൈനായി അപേക്ഷിക്കാം. ഒന്നിലധികം കാറ്റഗറികൾക്ക് അപേക്ഷിക്കുന്നവർ ഓരോ കാറ്റഗറിക്കും 500 രൂപ വീതവും എസ്.സി/ എസ്.ടി/ ഭിന്നശേഷി/ കാഴ്ചപരിമിത വിഭാഗത്തിലുള്ളവർ 250 രൂപ വീതവും ഫീസ് അടയ്ക്കണം. ഓൺലൈൻ നെറ്റ്ബാങ്കിംഗ്, ക്രഡിറ്റ്/ ഡെബിറ്റ് കാർഡ് എന്നിവ മുഖേന പരീക്ഷാ ഫീസ് അടയ്ക്കാം. ഓരോ കാറ്റഗറിയിലേക്കും അപേക്ഷിക്കാനുള്ള യോഗ്യതയുടെ വിവരങ്ങൾ അടങ്ങിയ വിജ്ഞാപനം, https://ktet.kerala.gov.in, https://pareekshabhavan.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഒന്നോ അതിലധികമോ കാറ്റഗറികളിൽ ഒരുമിച്ച് ഒരു പ്രാവശ്യം മാത്രമേ അപേക്ഷിക്കാൻ കഴിയുകയുള്ളൂ. അപേക്ഷ സമർപ്പിച്ച് ഫീസ് അടച്ച് കഴിഞ്ഞാൽ പിന്നീട് യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല. മാർഗനിർദ്ദേശങ്ങളടങ്ങിയ വിജ്ഞാപനം വിശദമായി വായിച്ചു മനസിലാക്കിയശേഷം മാത്രം അപേക്ഷ സമർപ്പിക്കണം. പേര്, ജനനതീയതി, കാറ്റഗറി, ജാതി, മതം, വിഭാഗം എന്നിവ ശ്രദ്ധയോടെ പൂരിപ്പിച്ച് വിജ്ഞാപനത്തിലെ നിബന്ധനകൾ പ്രകാരമുള്ള ഫോട്ടോ അപലോഡ് ചെയ്യണം. വെബ്സൈറ്റിൽ നിന്നു ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യേണ്ട തീയതി ജൂൺ 3.

# കൊച്ചിയിലേക്ക് യുലുവിന്റെ ഇലക്ട്രിക് സ്കൂട്ടറുകളും ബൈക്കുകളും




**കൊച്ചി :** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രിക് ടൂ വീലർ മൊബിലിറ്റി കമ്പനിയായ യുലു, സീക്കോ മൊബിലിറ്റിയുമായി സഹകരിച്ച് കൊച്ചിയിൽ തങ്ങളുടെ സേവനങ്ങൾ ആരംഭിക്കുന്നു. ക്ലീൻ എനർജി ആൻഡ് മൊബിലിറ്റി സംരംഭകനായ ആർ ശ്യാം ശങ്കറിന്റെ നേതൃത്വത്തിലുള്ള സീക്കോ മൊബിലിറ്റി, യുലുവിന്റെ അടിസ്ഥാന സൗകര്യവും സാങ്കേതികവുമായ പിന്തുണയോടെ കൊച്ചിയിലുടനീളം ഇലക്ട്രിക് വാഹന (ഇവി) സേവനം സ്വതന്ത്രമായി പ്രവർത്തിപ്പിക്കും. ഈ മാസമാദ്യം മധ്യപ്രദേശിലെ ഇൻഡോറിൽ കമ്പനി സേവനം ആരംഭിച്ചിരുന്നുകൊച്ചിയിൽ യുലുവിന്റെയും സീക്കോയുടെയും സേവനങ്ങൾ ആരംഭിക്കുന്നതിലൂടെ യുലു ബിസിനസ് പാർട്ണർ (ഥആജ) സംരംഭത്തിന്റെ ജൈത്രയാത്രയിലെ തുടർച്ചയായ രണ്ടാം വിജയമാണ്. മധ്യപ്രദേശിലെ ഇൻഡോറിന് ശേഷം യുലുവിന്റെ രണ്ടാമത്തെ പ്രവർത്തന പങ്കാളി നേതൃത്വത്തിലുള്ള വിപണിയാണ് ഇപ്പോൾ കൊച്ചി.ഈ ഇവികൾ ജെഎൽഎൻ സ്റ്റേഡിയം സോൺ (കലൂരിൽ), മേനക സോൺ, ബ്രോഡ്വേ സോൺ, (മറൈൻ ഡ്രൈവിൽ) എന്നിടങ്ങളിലാണ് വിന്യസിക്കുക. മറൈൻ ഡ്രൈവ്, ബ്രോഡ്വേ, ഷൺമുഖം റോഡ്, എംജി റോഡ്, കലൂർ സ്റ്റേഡിയം, ഇടപ്പള്ളി, പനമ്പള്ളി നഗർ, ഫോർട്ട് കൊച്ചി, വൈപ്പിൻ ദ്വീപ്, ബോൾഗാട്ടി ദ്വീപ് എന്നിവ ഈ സോണുകൾക്കിടയിൽ ഉൾപ്പെടുന്നു.സേവനങ്ങൾ രാവിലെ ഏഴു മുതൽ അർദ്ധരാത്രി 12:00 വരെ ലഭ്യമാകും, കൂടാതെ ഉപയോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ഒരു മണിക്കൂർ അല്ലെങ്കിൽ ദിവസ അടിസ്ഥാനത്തിൽ ഇവ വാടകയ്ക്കെടുക്കാം.മധ്യപ്രദേശിലെ ഇൻഡോറിന് ശേഷം യുലുവിന്റെ കേരളത്തിന്റെ സാംസ്കാരിക വാണിജ്യ തലസ്ഥാനമായ കൊച്ചിയിലേക്ക് സംരംഭം വ്യാപിപ്പിക്കുന്നതിൽ സന്തുഷ്ടനാണെന്ന് യുലു സഹസ്ഥാപകനും സിഇഒയുമായ അമിത് ഗുപ്ത പറഞ്ഞു.


LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR NO.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663